**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 685** **04.2.2020 -ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ<br><br>ബി) പ്രസ്തുത പദ്ധതികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം നവീകരണ, വികസന പ്രവൃത്തികൾ നടത്തിയെന്നും വിശദമാക്കാമോ; ; | എ) & ബി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലക്കാട് ഡി.ടി.പി.സി യുടെ അധീനതയിൽ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി ചിൽഡ്രൻസ് പാർക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.<br>ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിൽ 8,00,000/- രൂപയുടെ നവീകരണ- വികസന പ്രവർത്തി നടത്തിയിട്ടുണ്ട്. |
| സി) പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വഴി എന്തെല്ലാം പദ്ധതികളാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ; | സി) | പാലക്കാട് ഡി.ടി.പി.സി വഴി ചുവടെ ചേർത്ത പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്.<br>മലമ്പുഴ ഡാം ഉദ്യാനം<br>വാടിക -ശിലാവാടിക ഉദ്യാനം<br>റോക്ക് ഗാർഡൻ മലമ്പുഴ<br>കാഞ്ഞിരപ്പുഴ ഡാം ഉദ്യാനം<br>ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്<br>വെള്ളിയാങ്കല്ല് പൈതൃക പാർക്ക്<br>മംഗലം ഡാം ഉദ്യാനം<br>പോത്തുണ്ടി ഡാം ഉദ്യാനം<br>ടൂറിസ്റ്റ് റിസോർട്ട് നെല്ലിയമ്പതി |
| ഡി) പാലക്കാട് ഡി ടി പി സി മുഖാന്തിരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തി ;വിശദാംശം നൽകാമോ? | ഡി) | പാലക്കാട് ഡി.ടി.പി.സി മുഖാന്തിരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അഞ്ചുകോടി രൂപ ചെലവിൽ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി ചിൽഡ്രൻസ് പാർക്ക് നിർമ്മിച്ചു. ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠത്തിന്റെ പുനരുദ്ധാരണത്തിന് 80/- ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ